മികച്ച ഉദ്യോഗസ്ഥർക്കും ടി ദിനത്തിൽ പുരസ്കാരങ്ങൾ നൽകിവരുന്നു. റവന്യൂ ദിനാചരണത്തോടനുബന്ധിച്ച് ദുരന്ത നിവാരണ ബോധവത്കരണ ശില്പശാലയും സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) റവന്യൂദിനാചരണവുമായി ബന്ധപ്പെട്ട് റവന്യൂവകുപ്പിലെ വിവിധ തലങ്ങളിലുള്ള ജീവനക്കാർക്ക് അവരുടെ പ്രവർത്തന മികവിനെ അടിസ്ഥാനമാക്കി പുരസ്കാരങ്ങൾ നൽകിവരുന്നുണ്ട്. ഇത് ജീവനക്കാരിൽ കൂടുതൽ കാര്യക്ഷമവും മെച്ചപ്പെട്ടതുമായ സേവനം പൊതുജനങ്ങൾക്ക് പ്രദാനം ചെയ്യാൻ പ്രേരിതമാക്കുന്നു. അതുമൂലം സാധാരണക്കാരായ പൊതുജനത്തിന് വേഗത്തിലും കാര്യക്ഷമവുമായ സേവനം ലഭിക്കുന്നതാണ്.

(സി) റവന്യൂവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിന്മേലുള്ള സെമിനാറുകളും ദുരന്ത നിവാരണ-ലഘൂകരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിനും ഏകോപനത്തിനുമുതകുന്ന ശിൽപ്പശാലകളും ഇതോടനുബന്ധിച്ച് സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

## റവന്യൂ ഡിസാസ്റ്റർ മാനേജ്മെന്റ് മുഖേന റോഡുകളുടെ അടിയന്തിര പുനരുദ്ധാരണം

**62 (2555)** ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിനായി ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് മുഖേന 2014-15-ൽ അനുവദിച്ചതും 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്തതുമായിട്ടുള്ള പ്രവൃത്തികളുടെ ഭരണാനുമതി റദ്ദുചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കാനിടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ റദ്ദുചെയ്ത നടപടി പുനപരിശോധിക്കുവാനും പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുവാനുമുള്ള കാലപരിധി 2015 ഡിസംബർ 31 വരെ ദീർഘിപ്പിച്ചു നൽകുവാനും നടപടി സ്വീകരിക്കുമോ ?

### ഉത്തരം

(എ&ബി) കാലവർഷക്കെടുതിമൂലം ഗതാഗതയോഗ്യമല്ലാതായിത്തീർന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണം നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ 13-ാം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ കമ്മീഷൻ ശിപാർശചെയ്ത പ്രകാരമായിരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷന്റെ കാലാവധി 31-3-2015-ന് അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത ഫണ്ടുപയോഗിച്ച് പുതിയ പ്രവർത്തികൾ. നടപ്പിൽ വരുത്തുവാൻ കഴിയാത്തതിനാലാണ് 2015 മാർച്ച് 31-ന് മുമ്പായി ആരംഭിക്കാത്ത പ്രവൃത്തികളുടെ ഭരണാനുമതി റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത്. ആയതിനാൽ കാലപരിധി ദീർഘിപ്പിക്കുവാനും നിർവ്വാഹമില്ല.

## റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഭരണാനുമതി

**63 (2556)** <u>ശ്രീ. പി. റ്റി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും ഭരണാനുമതി ലഭ്യമാക്കുന്നതിന് കോഴിക്കോട് ജില്ലയിൽനിന്ന് ഡി.എൽ.ഇ.സി. അംഗീകാരം നൽകിയ എത്ര പദ്ധതികളുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(ബി) സംസ്ഥാനതല സമിതി കൂടുന്നതിലെ കാലതാമസം ഭരണാനുമതി ലഭ്യമാക്കുന്നതിനും പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനും വലിയ കാലതാമസം വരുത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും കോഴിക്കോട് ജില്ലയിൽനിന്ന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഡി.എൽ.ഇ.സി. അംഗീകാരം നൽകിയതും ഭരണാനുമതി ഇതുവരെ ലഭ്യമാക്കാത്തതുമായ 178 പദ്ധതികളുണ്ട്. പദ്ധതികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി) സംസ്ഥാനതല സമിതി കൂടുന്നതിലെ കാലതാമസം സംബന്ധിച്ച് ആക്ഷേപമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ

**64 (2557)** <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റശേഷം വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൻകീഴിൽ റവന്യൂവകുപ്പ്, ആലപ്പുഴജില്ലയ്ക്ക് അനുവദിച്ച റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?